ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.09.2025** **TIME:07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് നാളെ.

   **The election to choose the 17th Vice President of India will be held tomorrow.**

2. പുത്തൻ തലമുറ ജി.എസ്.ടി പരിഷ്കാരങ്ങൾ ഊർജ മേഖലയ്ക്ക് കരുത്ത് പകരുമെന്ന് കേന്ദ്രസർക്കാർ ; ജി.എസ്.ടി പരിഷ്കാരങ്ങളെക്കുറിച്ചുള്ള പ്രമേയം പാസാക്കി ബി.ജെ.പി പാർലമെന്ററി പാർട്ടി.

   **Next-generation GST reforms to empower energy sector, says Centre; BJP Parliamentary Party unanimously adopts resolution on Next-Gen GST reforms.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പഞ്ചാബ് സന്ദർശിക്കും ; വെള്ളപ്പൊക്ക സാഹചര്യങ്ങൾ പ്രധാനമന്ത്രി നേരിട്ട് വിലയിരുത്തും.

   **Prime Minister Narendra Modi to visit Punjab tomorrow; to assess flood situation firsthand.**

4. പാലക്കാട് സ്മാർട്ട്സിറ്റിയുടെ വികസനസാധ്യതകൾ ചർച്ച ചെയ്യുന്ന വ്യവസായ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

**Kerala CM Pinarayi Vijayan to inaugurate industrial summit on Palakkad Smart City development prospects today.**

5. **ഏഷ്യാ കപ്പ് പുരുഷ ഹോക്കി കിരീടം ഇന്ത്യയ്ക്ക് ; യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ചൂടി കാർലോസ് അൽകാരസ്.**

**India wins Men's Hockey Asia Cup; Carlos Alcaraz clinches US Open Men's Singles title.**

**&&&&&&&&&&&&&&&&&**

## VP ELECTION

ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് നാളെ. വോട്ടെണ്ണലും നാളെയാണ്. ഇരു സഭകളിൽ നിന്നുള്ള 788 വോട്ടർമാരുടെ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണനാണ് NDA-യുടെ ഉപരാഷ്ട്രപതി സ്ഥാനാർഥി. സുപ്രീം കോടതി മുൻ ജസ്റ്റിസ് ബി.സുദർശൻ റെഡ്ഡിയാണ് പ്രതിപക്ഷ സഖ്യത്തിന്റെ സ്ഥാനാർഥി.

**&&&&&&&&&&&&&&&&&**

## GST REFORMS- RENEWABLE ENERGY

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ഊർജ്ജ മേഖലയ്ക്ക് കരുത്ത് പകരുമെന്ന് കേന്ദ്രസർക്കാർ. ചരക്ക് സേവന നികുതി പരിഷ്കാരങ്ങളുടെ ഭാഗമായി പുനരുപയോഗിക്കാവുന്ന ഊർജ മേഖലയുടെ ഉന്നമനത്തിനത്തിന് നിരവധി മാറ്റങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. സോളാർ കുക്കറുകൾ, ഫോട്ടോവോൾട്ടെയ്ക് സെല്ലുകൾ, കാറ്റാടി ഉപകരണങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ, മാലിന്യത്തിൽ നിന്ന് ഊർജ്ജമുണ്ടാക്കുന്ന സംവിധാനങ്ങൾ തുടങ്ങി പുനരുപയോഗ ഊർജ്ജ ഉപകരണങ്ങളുടെ GST 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇത് പദ്ധതി ചെലവ് കുറയുമെന്നും വീടുകൾക്കും വ്യവസായങ്ങൾക്കും

ഹരിത സാങ്കേതികവിദ്യകൾ കൂടുതൽ താങ്ങാനാവുന്നതാക്കി

മാറ്റുമെന്നുമാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&

## BJP- GST REFORMS RESOLUTION

പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ബിജെപി എംപിമാരുടെ പരിശീലന പരിപാടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഇന്നലെ ആരംഭിച്ച ശില്പശാലയിൽ, ജി.എസ്.ടി യുടെ പുത്തൻ തലമുറ പരിഷ്കാരങ്ങളെക്കുറിച്ചുള്ള പ്രമേയം ബി.ജെ.പി പാർലമെന്ററി പാർട്ടി പാസാക്കി. പാർട്ടി നേതാവും കേന്ദ്രമന്ത്രിയുമായ പീയൂഷ് ഗോയൽ പ്രമേയം അവതരിപ്പിച്ചു. ജനജീവിതം സുഗമമാക്കുക, വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, സ്വയംപര്യാപ്തതയിലേക്കുള്ള ഇന്ത്യയുടെ പാത ശക്തിപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് പരിഷ്കാരങ്ങളെന്ന് പ്രമേയം വിലയിരുത്തി.

&&&&&&&&&&&&&&&&&

## PUNJAB-PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പഞ്ചാബ് സന്ദർശിക്കും. മേഖലയിലെ വെള്ളപ്പൊക്ക സാഹചര്യങ്ങൾ അദ്ദേഹം നേരിട്ട് വിലയിരുത്തും. ദുരിതബാധിതർക്ക് പരമാവധി സഹായം ഉറപ്പാക്കുമെന്നും വെള്ളപ്പൊക്ക കെടുതികളിൽ പ്രധാനമന്ത്രിക്ക് ആശങ്കയുണ്ടെന്നും പഞ്ചാബ് ബിജെപി അധ്യക്ഷൻ സുനിൽ ജാഖർ പറഞ്ഞു. വെള്ളപ്പൊക്കം മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി രണ്ട് കേന്ദ്ര മന്ത്രിതല സംഘങ്ങളെയും നിയോഗിച്ചിട്ടുണ്ട്. പഞ്ചാബിലെ വെള്ളപ്പൊക്കത്തിൽ ഇതുവരെ 46 പേർക്കാണ് ജീവൻ നഷ്ടമായത്.

&&&&&&&&&&&&&&&&&&&&

## STATES FLOOD ( INTRO)

ഗുജറാത്തിൽ കനത്ത മഴ ജന ജീവിതത്തെ സാരമായി ബാധിച്ചു. ഉത്തർപ്രദേശിൽ 48 ജില്ലകളിൽ പ്രളയക്കെടുതി രൂക്ഷം. ദുരിതം ബാധിച്ച സംസ്ഥാനങ്ങളിൽ എൻ.ഡി.ആർ.എഫ്, എസ്.ഡി.ആർ.എഫ് സംഘങ്ങളുടെ നേതൃത്വത്തിൽ രക്ഷ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു.

**വിശദാംശങ്ങളിലേക്ക്.......**

(വോയിസ്)

## STATES FLOOD ( VOICE)

ഉത്തർപ്രദേശിൽ ആഗ്ര, മഥുര, അലിഗഡ്, ഫാറൂഖാബാദ്, ഷാജഹാൻപൂർ, പ്രയാഗ്‌രാജ് ജില്ലകളെയാണ് വെള്ളപ്പൊക്കം ഏറ്റവും കൂടുതൽ ബാധിച്ചത്. ഗംഗ, യമുന, ശാരദ, രാംഗംഗ തുടങ്ങിയ പ്രധാന നദികൾ കരകവിഞ്ഞൊഴുകുകയാണ്. 41,000 ഹെക്ടറിലധികം വെള്ളത്തിനടിയിലായി. 11,000-ത്തിലധികം ആളുകളാണ് ദുരിതാശ്വാസ ക്യാമ്പുകളിലുള്ളത്. യമുന നദിയിലെ ജലനിരപ്പ് അപകട നിലയ്ക്ക് മുകളിലായതിനാൽ ദേശീയ തലസ്ഥാനത്ത് വിവിധയിടങ്ങളിൽ വെള്ളപ്പൊക്ക സമാന സാഹചര്യം. താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. ഗുജറാത്തിലും ശക്തമായ മഴയിൽ പല സ്ഥലങ്ങളിലും വെള്ളം കയറി. ഇതുവരെ ഏകദേശം 546 റോഡുകൾ അടച്ചിട്ടിട്ടുണ്ട്. മഴയെത്തുടർന്ന് ഗുജറാത്തിലെ 125 അണക്കെട്ടുകളിൽ ജാഗ്രത നിർദേശം നൽകി. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കുടുങ്ങിക്കിടന്ന ആയിരത്തിലധികം ആളുകളെ രക്ഷപ്പെടുത്തി. മുൻകരുതൽ നടപടിയുടെ ഭാഗമായി 7 ആയിരത്തിലധികം ആളുകളെ സുരക്ഷിത

സ്ഥലങ്ങളിലേക്ക് മാറ്റി.
**ന്യൂസ്ഡെസ്ക് ആകാശവാണി.....**

**&&&&&&&&&&&&&&&&&**

## DELHI – RELIEF MATERIAL

പഞ്ചാബിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലേക്ക് ഡൽഹി സർക്കാർ ദുരിതാശ്വാസ സാമഗ്രികളുമായി 52 ട്രക്കുകൾ അയച്ചു. ഭക്ഷണം, ശുദ്ധജലം, വസ്ത്രങ്ങൾ, മരുന്നുകൾ തുടങ്ങിയ അവശ്യ വസ്തുക്കളാണ് അയച്ചത്. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാകുന്നതുവരെ പഞ്ചാബിലെ ജനങ്ങൾക്ക് സഹായം നൽകുമെന്ന് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത പറഞ്ഞു.

**&&&&&&&&&&&&&&&&&**

## IMD – WEATHER

ഗുജറാത്ത്, രാജസ്ഥാൻ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു, ഹിമാചൽ പ്രദേശ്, പഞ്ചാബ്, മഹാരാഷ്ട്ര, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. കേരളം, തെലങ്കാന, ആന്ധ്രാപ്രദേശ്, ബിഹാർ, കർണാടക എന്നിവിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

**&&&&&&&&&&&&&&&&&**

## ONAM CELEBRATIONS

കേരള സർക്കാരിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര നാളെ തലസ്ഥാന നഗരിയിൽ നടക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. വെള്ളയമ്പലത്ത് നിന്ന്

കിഴക്കേകോട്ട വരെ നീളുന്ന ഘോഷയാത്രയിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കലാരൂപങ്ങളും അണിനിരക്കും. ഓണാഘോഷങ്ങൾക്ക് മാറ്റ്കൂട്ടുന്ന പുലികളി ഇന്ന് തൃശ്ശൂരിൽ നടക്കും. ഒമ്പത് പുലികളി സംഘങ്ങളാണ് ഇക്കുറി എം.ജി റോഡ് വഴി സ്വരാജ് റൗണ്ടിന് ചുറ്റും ഇറങ്ങുക.

&&&&&&&&&&&&&&&&&

## TRIVANDRUM – HOLIDAY

ഓണം ഘോഷയാത്രയോടനുബന്ധിച്ച് നാളെ ഉച്ചക്ക് ശേഷം തിരുവനന്തപുരം നഗരത്തിലെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചു. രണ്ട് മണി മുതൽ നഗരത്തിൽ വിപുലമായ ഗതാഗത നിയന്ത്രണങ്ങളും പാർക്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## SCHOOL RE-OPENS

ഓണാവധിക്ക് ശേഷം കേരളത്തിലെ സ്കൂളുകൾ ഇന്ന് തുറക്കും. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകും. ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ നിർദേശങ്ങൾ പുറത്തിറക്കി.

&&&&&&&&&&&&&&&&&

## PALAKKAD – SMART CITY

ദേശീയ വ്യവസായ ഇടനാഴിയുടെ ഭാഗമായുള്ള പാലക്കാട് സ്മാർട്ട്സിറ്റിയുടെ വികസനസാധ്യതകൾ വിലയിരുത്തുന്ന വ്യവസായ ഉച്ചകോടി ഇന്ന് നടക്കും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ പി.രാജീവ്, എം.ബി.രാജേഷ് തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## SC- SIR HEARING

ബീഹാറിൽ വോട്ടർ പട്ടിക തീവ്ര പരിഷ്കരണം - എസ്.ഐ.ആർ, നടത്താനുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിനെതിരെയുള്ള ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ജസ്റ്റിസുമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് ആണ് ഹർജികൾ പരിഗണിക്കുന്നത്. എസ്.ഐ.ആർ പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കപ്പെട്ട വോട്ടർമാർക്ക് അവരുടെ രേഖകൾ ഓൺലൈനായും നേരിട്ടും നല്കാൻ അനുവദിക്കണമെന്ന് കോടതി നേരത്തെ തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദ്ദേശിച്ചിരുന്നു.

&&&&&&&&&&&&&&&&&

## MANIPUR PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 13 ന് മണിപ്പൂർ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനം ചർച്ച ചെയ്യുന്നതിനായി മണിപ്പൂർ ഗവർണർ അജയ് കുമാർ ഭല്ലയുടെ അധ്യക്ഷതയിൽ രാജ്ഭവനിൽ പ്രത്യേക യോഗം ചേർന്നു. പ്രധാനമന്ത്രി രണ്ട് സ്ഥലങ്ങളിൽ പൊതു യോഗങ്ങളെ അഭിസംബോധന ചെയ്യുമെന്നാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&

## LUNAR ECLIPSE

ആകാശത്ത് ദൃശ്യവിരുന്നൊരുക്കി പൂർണ ചന്ദ്രഗ്രഹണം. ഇന്ത്യയിൽ ഉടനീളം 48 മിനിറ്റിലധികം ചന്ദ്രഗ്രഹണം നീണ്ടുനിന്നു. അപൂർവ്വമായി മാത്രം ദൃശ്യമാകുന്ന ഗ്രഹണം കാണാൻ വിവിധ വാനനിരീക്ഷണ കേന്ദ്രങ്ങളിൽ നിരവധി പേരെത്തി. രാത്രി ഏകദേശം 8.57 നാണ് ഗ്രഹണത്തിന്റെ ആദ്യഘട്ടം തുടങ്ങിയത്. 10 മണി മുതൽ ചന്ദ്രനിൽ കൂടുതൽ

മാറ്റങ്ങൾ പ്രകടമായി. ഭൂമി, ചന്ദ്രനും സൂര്യനും ഇടയിലെത്തി ചന്ദ്രനിൽ ഭൂമിയുടെ നിഴൽ പതിക്കുമ്പോഴാണ് ചന്ദ്രഗ്രഹണം സംഭവിക്കുന്നത്.

&&&&&&&&&&&&&&&&&

## ASIA CUP HOCKEY FINAL (INTRO)

ഏഷ്യാ കപ്പ് പുരുഷ ഹോക്കി കിരീടം ഇന്ത്യയ്ക്ക്. ബീഹാറിൽ നടന്ന ഫൈനലിൽ ദക്ഷിണ കൊറിയയെ 4-1 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ നാലാം കിരീടം നേടിയത്. ഈ വിജയത്തോടെ അടുത്ത വർഷം നെതർലാൻഡ്സിലും ബെൽജിയത്തിലുമായി നടക്കുന്ന പുരുഷ ഹോക്കി ലോകകപ്പിനും ഇന്ത്യ യോഗ്യത നേടി. ടീം അംഗങ്ങളുടെ കഠിനപരിശ്രമത്തിന്റെ ഫലമാണ് നേട്ടമെന്നും ലോകകപ്പ് കിരീടമാണ് ഇനി ലക്ഷ്യമെന്നും ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗ് പറഞ്ഞു. (ഹോൾഡ് - വോയിസ്) താരങ്ങൾക്ക് ഹോക്കി ഇന്ത്യ 3 ലക്ഷം രൂപ വീതം പ്രഖ്യാപിച്ചു. സപ്പോർട്ട് സ്റ്റാഫ് അംഗങ്ങൾക്കും 1.5 ലക്ഷം രൂപ വീതം ലഭിക്കും.

&&&&&&&&&&&&&&&&&

## PM-MEN HOCKEY

ഏഷ്യാ കപ്പ് ഹോക്കി കിരീടം സ്വന്തമാക്കിയ ഇന്ത്യൻ പുരുഷ ടീമിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ ഹോക്കിക്കും രാജ്യത്തെ കായിക മേഖലയ്ക്കും ഇത് അഭിമാനകരമായ നിമിഷമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## TENNIS US OPEN- FINAL

യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം സ്പാനിഷ് താരം കാർലോസ് അൽകാരസിന്. നാല്സെറ്റ് നീണ്ട പോരാട്ടത്തിലൂടെ നിലവിലെ ചാമ്പ്യനായ യാനിക് സിന്നറെ പരാജയപ്പെടുത്തിയാണ് അല്കാരസ് തന്റെ രണ്ടാം കിരീടം സ്വന്തമാക്കിയത്. 22 കാരനായ അല്കാരസിന്റെ ആറാം ഗ്രാൻഡ് സ്ലാം കിരീടം കൂടിയാണിത്.

&&&&&&&&&&&&&&&&&

## ITR FILING

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

&&&&&&&&&&&&&&&&&

## PIB FACT CHECK- ARMY CHIEF

ഇന്ത്യൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി നടത്തിയ പ്രസ്താവനകൾ കൃത്രിമമായി ചിത്രീകരിച്ചു സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഓപ്പറേഷൻ സിന്ദൂരിനിടെ ഇന്ത്യയ്ക്ക് യുദ്ധവിമാനങ്ങളും സൈനികരും നഷ്ടപ്പെട്ടതായി ജനറൽ ദ്വിവേദി പറയുന്ന വീഡിയോ വ്യാജമെന്ന് PIB ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&

## NITISH KUMAR

സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ബീഹാർ സർക്കാരിന്റെ പദ്ധതി 'മുഖ്യമന്ത്രി മഹിള റോജ്ഗർ യോജന'ക്ക് മുഖ്യമന്ത്രി നിതീഷ് കുമാർ തുടക്കം കുറിച്ചു. പദ്ധതി പ്രകാരം, ഓരോ കുടുംബത്തിലെയും ഒരു സ്ത്രീക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകും.

&&&&&&&&&&&&&&&&&

## NIGERIA-KILLED

നൈജീരിയയിലെ, ബോർണോ സംസ്ഥാനത്തിന്റെ വടക്കു-കിഴക്കൻ മേഖലയിൽ ബൊക്കോ ഹറാം തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ 60 ലധികം പേർ കൊല്ലപ്പെട്ടു. വെള്ളിയാഴ്ച രാത്രി മുതലാണ് ആക്രമണം ആരംഭിച്ചത്. നൈജീരിയൻ വ്യോമസേന തിരിച്ചടിച്ചതായും 30 ലധികം തീവ്രവാദികൾ കൊല്ലപ്പെട്ടതായും നൈജീരിയൻ വ്യോമസേന വക്താവ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&